LIBRARY ARCHIVES Kerala Legislative Assembly

ഗോവർദ്ധിനി പദ്ധതി

219 (1589) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഗോവർദ്ധിനി പദ്ധതി സംസ്ഥാനത്ത് എന്നു മുതലാണ് ആരംഭിച്ചത് ; ഇതിലൂടെ എത്ര കർഷകർക്കാണ് പ്രയോജനം ലഭിച്ചതെന്നും പാലുല്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ ?

ഉത്തരം

ഗോവർദ്ധിനി പദ്ധതി 2014-15 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാനത്ത് ആരംഭിച്ചത്. ഇതിലൂടെ ഏകദേശം 48,000 കർഷകർക്ക് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി ഈ വർഷവും നടപ്പിലാക്കി വരുന്നുണ്ട്. ഒരു ലക്ഷം കന്നുകുട്ടികളെ 2 വർഷക്കാലംകൊണ്ട് പദ്ധതിയിൽ ചേർത്ത് അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ സൗജന്യ നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിനാൽ പാലുൽപ്പാദനത്തിലുണ്ടായ വർദ്ധനവ് വിലയിരുത്തുന്നതിന് രണ്ടു വർഷത്തെ കാലയളവ് ആവശ്യമുണ്ട്.

മൃഗസംരക്ഷണത്തിനായി പദ്ധതികൾ

220 (1590) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തൊക്കെ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ ;

(സി) കേരളത്തിൽ എത്ര മൃഗാശുപത്രികൾ നിലവിലുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കുമോ ; പ്രസ്തുത ആശുപത്രികൾ പ്രയോജന പ്രദമല്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;